

WEDNESDAY 06-10-2021 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -06/10/2021

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ 2021-22 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി **കാർഷിക ഉൽപ്പന്ന പ്രോസസിംങ്ങ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി** ധനസഹായം നൽകുന്നു. കർഷകർ/കർഷകഗ്രൂപ്പ്/സ്വയം സഹായ സംഘങ്ങൾ/ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ എന്നിവർക്ക് അപേക്ഷിക്കാം. പരമാവധി 50% ആണ് ധനസഹായം നൽകുന്നത്. ബാക്കി തുകയിൽ 40% സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ (SHM), സ്മാം (SMAM) എന്നീ പദ്ധതികളിൽ നിന്നും കണ്ടെത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഓഫീസുമായി ബന്ധപ്പെടുക.

2. ചെറുതേനീച്ചക്കോളനികളുടെ ശാസ്ത്രീയപരിചരണത്തെക്കുറിച്ചറിയാനും സംശയങ്ങൾ ദൂരീകരിക്കാനും റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ന് (ഒക്ടോബർ 06) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഫോണിലൂടെ മറുപടി നൽകും. കോൾ സെന്റർ നമ്പർ **04812576622**.

3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിന് **ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള** ധനസഹായ പദ്ധതിയിൽ പ്രൈമറി അഗ്രി ക്രെഡിറ്റ് സൊസൈറ്റി/സ്റ്റാർട്ട് അപ്പുകൾ/ സ്വയം സഹായ സംഘങ്ങൾ (SHG)/ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ എന്നിവയ്ക്ക് അപേക്ഷ സമർപ്പിക്കാം. ആവശ്യാധിഷ്ഠിത ധനസഹായം പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നൽകുക. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഓഫീസുമായി ബന്ധപ്പെടുക.

4. കാർഷിക രംഗത്തെ സമഗ്ര പുരോഗതിക്കായി നൂതന ജലസേചന രീതികൾ പ്രോത്സാഹിപ്പിക്കുക, ജല ഉപയോഗക്ഷമത വർധിപ്പിക്കുക, ഉയർന്ന ഉത്പാദനം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെ കൂടി കൃഷിവകുപ്പ് നടപ്പാക്കുന്ന പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതിയിൻ പ്രകാരം ഡ്രിപ്പ്, സ്പ്രിങ്ക്ലർ തുടങ്ങിയ സൂക്ഷ്മ ജലസേചന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് കണ്ണൂർ ജില്ലയിൽ കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ അപേക്ഷകൾ ക്ഷണിച്ചു. ചെറുകിട നാമമാത്ര കർഷകർക്ക് പദ്ധതിച്ചെലവിന്റെ അനുവദനീയമായ തുകയുടെ 80 ശതമാനവും മറ്റു കർഷകർക്ക് പദ്ധതിച്ചെലവിന്റെ 70 ശതമാനവും നിബന്ധനകളോടെ ധനസഹായമായി ലഭിക്കും. നിശ്ചിത മാതൃകയിലുള്ള അപേക്ഷയുടെ പകർപ്പ് ജില്ലയിലെ കൃഷിഭവനുകളിലും കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ജില്ലയിലെ കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ അടുത്തുള്ള കൃഷിഭവനുമായോ ഇനി പറയുന്ന ഫോൺ നമ്പരുകളിലോ ബന്ധപ്പെടാവുന്നതാണ്. ഫോൺ നമ്പർ 9 3 8 3 4 7 7 2 0 5 0 / 9 3 8 3 4 7 2 0 5 1 / 9 3 8 3 4 7 2 0 5 2

5. കാർഷിക വികസന കർഷക ക്ഷേമവകുപ്പ് സംസ്ഥാന തലത്തിൽ **സൗരോർജത്തിൽ പ്രവർത്തിക്കുന്ന** ഒരു **പച്ചക്കറിവിൽപ്പന വാൻ** സജ്ജമാക്കുന്നതിന് ധനസഹായം നൽകുന്നു. 48 ലക്ഷം രൂപയാണ് ധനസഹായം നൽകുന്നത്. പ്രാദേശികമായി ലഭ്യമാകുന്ന പഴം പച്ചക്കറികളും മൂല്യവർധിത ഉൽപ്പന്നങ്ങളും വിൽപ്പന നടത്തുന്നത് പ്രോത്സാഹിപ്പിയ്ക്കുന്നതിനായിട്ടാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പ്രാദേശിക സഹകരണ സംഘങ്ങൾ ഹോർട്ടികോർപ്പ്, വിഎഫ്പിസികെ, കുടുംബശ്രീ, സ്വയം സഹായ

സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ എന്നിവർക്ക് അപേക്ഷിയ്ക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഓഫീസുമായി ബന്ധപ്പെടുക.

6. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനമൊട്ടാകെ പശുക്കൾക്കും എരുമകൾക്കും മൃഗസംരക്ഷണവകുപ്പ് കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നു. ഇന്നു (ഒക്ടോബർ 6) മുതൽ നവംബർ 3 വരെ നടത്തുന്ന ഈ കുളമ്പുരോഗ നിവാരണ യജ്ഞക്കാലയളവിൽ മൃഗസംരക്ഷണ വകുപ്പിൽ നിന്നും ഉദ്യോഗസ്ഥർ കർഷകരുടെ വീടുകളിൽ എത്തി ഉരുക്കൾക്ക് പ്രതിരോധ വാക്സിൻ നൽകുന്നതാണ്. എല്ലാ കർഷകരും തങ്ങളുടെ പശുക്കളേയും എരുമകളേയും ഈ കാലയളവിൽ കുളമ്പുരോഗത്തിനെതിരായുള്ള സൗജന്യ പ്രതിരോധകുത്തിവയ്പ്പിനു വിധേയമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

7. കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ആര്യ പദ്ധതിയിൽ ഉൾപ്പെടുത്തി **കൂൺകൃഷി, ചെറു തേനീച്ച വളർത്തൽ, ഇന്ത്യൻ തേനീച്ച വളർത്തൽ, പഴം, പച്ചക്കറി, സുഗന്ധവ്യഞ്ജനങ്ങളുടെ സംസ്കരണവും മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും, നഴ്സറി പരിപാലനം** മുതലായ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കണ്ണൂർ ജില്ലയിലെ 40 വയസ്സിനു താഴെയുള്ള കർഷകർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. പരിശീലന പരിപാടികളിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ **0460 –2226087, 8547675124** എന്നീ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രവുമായി ബന്ധപ്പെടുക.

8. റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ റബ്ബർബോർഡ് മൂന്നു ദിവസത്തെ ഓൺലൈൻ പരിശീലനം നൽകുന്നു. റബ്ബർപാലിൽ നിന്നുള്ള ഉത്പന്നങ്ങളുടെ നിർമ്മാണമേഖലയിലെ

സാധ്യതകൾ, ലാറ്റക്സ് കോമ്പൗണ്ടിങ്, എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ & മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഓൺലൈൻ പരിശീലനം ഈ മാസം 6 മുതൽ 8 (ഒക്ടോബർ 06 മുതൽ 08) വരെ നടത്തും. പരിശീലനസമയം എല്ലാ ദിവസവും രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പറിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടുക.

9. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രം മുഖേന ഈ മാസം 7-ന് (ഒക്ടോബർ 07-ന്) **ഇറച്ചിക്കോഴി വളർത്തൽ, 12ന് തീറ്റപ്പുൽക്കൃഷി, 16-ന് താറാവു വളർത്തൽ** എന്നീ വിഷയങ്ങളിൽ **ഇൻക്യാമ്പസ് ട്രെയിനിംഗും നായ്ക്കളുടെ ആരോഗ്യപരിപാലനം** എന്ന വിഷയത്തിൽ **ഓൺലൈൻ** പരിശീലനം നടത്തുന്നു. താല്പര്യമുള്ള കർഷകർ **0484-2631355** എന്ന ഫോൺ നമ്പറിൽ വിളിച്ചോ **9188522708** എന്ന ഫോൺ നമ്പരിൽ പേരും പരിശീലന വിഷയവും വാട്സ് ആപ് സന്ദേശമയച്ചോ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

10. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 13 ന് (13.10.2021) **തീറ്റപ്പുൽ കൃഷി'** എന്ന വിഷയത്തിലും 29 ന് (29.10.2021) **താറാവ് വളർത്തൽ** എന്ന വിഷയത്തിലും സൗജന്യ പരിശീലനം നടത്തുന്നതാണ് പങ്കെടുക്കാൻ താല്പര്യമുള്ളവർ 04829 234323 എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

11. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 12,13 (12.10.2021, 13.10.2021) തീയതികളിൽ **എരുമ വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നതാണ് പങ്കെടുക്കാൻ താല്പര്യമുള്ളവർ 0471 - 2732918 എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.